ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് നവംബർ 25 ന് തുടക്കമാകും.

   **The Winter Session of Parliament will begin on November 25.**

2. നീതിയുക്തവും സുതാര്യവുമായ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ശക്തിപകരാൻ നീതിന്യായ വ്യവസ്ഥയ്ക്ക് സാധിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that the justice system should be able to strengthen efforts to build a justice and transparent society.**

3. കാനഡയിൽ ഹിന്ദു ക്ഷേത്രത്തിന് നേരെ ഉണ്ടായ ആക്രമണം ആശങ്കാജനകമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **External Affairs Minister S Jaishankar said that the attack on the Hindu temple in Canada is worrying.**

4. വരും വർഷങ്ങളിൽ ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ സംഭാവന 10 ശതമാനമായി ഉയർത്തുകയാണ് ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്.

   **Union Minister Jitendra Singh said that the aim is to increase India's contribution to the global space economy to 10 percent in the coming years.**

5. യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പ് ആരംഭിച്ചു.

   **Voting begins for the US presidential election.**

6. കേരളത്തിലെ ഉപതെരഞ്ഞെടുപ്പിനും മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിനുമുള്ള പ്രചാരണം സജീവം.

Campaigning for by-elections in Kerala and assembly elections in Maharashtra and Jharkhand is in full swing.

7. **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു.**

   Thiruvananthapuram district continues to advance in the state school sports fair.

&&&&&&&&&&&&&&&&&&

## PREZ-BUDDHIST SUMMIT

ആഗോള തലത്തിൽ സമാധാനം ഉറപ്പുവരുത്താൻ ബുദ്ധ ധർമ്മം ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ചർച്ച ചെയ്യണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടക്കുന്ന പ്രഥമ ഏഷ്യൻ ബുദ്ധമത ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതത്തിൻറെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ ഉച്ചകോടിയുടെ പ്രമേയം. സാംസ്കാരിക മന്ത്രാലയം ഇൻ്ററർനാഷണൽ ബുദ്ധിസ്റ്റ് കോൺഫെഡറേഷന്റെ സഹകരണത്തോടെയാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## PREZ- SC (INTRO)

തുല്യത ഉറപ്പാക്കുന്നതിനൊപ്പം കൊളോണിയൽ കാഴ്ചപ്പാടുകൾ ഇല്ലാതാക്കുക എന്നതാകണം ജുഡീഷ്യറിയെ മുന്നോട്ട് നയിക്കേണ്ട തത്വമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. സുപ്രീംകോടതിയുടെ മൂന്ന് പ്രസിദ്ധീകരണങ്ങൾ ന്യൂഡൽഹിയിൽ പുറത്തിറക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയ്സ്.........)

നീതിയുക്തവും സുതാര്യവുമായ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ശക്തിപകരാൻ നീതിന്യായ വ്യവസ്ഥയ്ക്ക് സാധിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

രൂപീകരണത്തിൻറെ 75-ാം വാർഷികം ആഘോഷിക്കുന്ന

വേളയിൽ സുപ്രീം കോടതിയുടെ പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&

## HEAD LINE – 1

## PARLIAMENT WINTER SESSION

പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനം നവംബർ 25 മുതൽ ഡിസംബർ 20 വരെ നടക്കും. നവംബർ 26 ന് ഭരണഘടന അംഗീകരിച്ചതിൻ്റെ 75-ാം വാർഷികം സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ ആഘോഷിക്കുമെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

&&&&&&&&&&&&&&&&&&&

## UP MADARSA EDUCATION ACT

2024 ലെ മദ്രസ വിദ്യാഭ്യാസ നിയമത്തിൻറെ ഭരണഘടനാ സാധുത ശരിവച്ച് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് ജെ ബി പർഡിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിച്ചത്. നിയമം ഭരണഘടനാ വിരുദ്ധമാണെന്നും മതനിരപേക്ഷതയ്ക്ക് എതിരാണെന്നുമുള്ള മാർച്ച് 22 ലെ അലഹബാദ് ഹൈക്കോടതി വിധി സുപ്രീംകോടതി തള്ളി. ഉത്തർപ്രദേശിലെ മദ്രസകൾക്ക് പ്രവർത്തിക്കാൻ സാധിക്കുന്നതിനൊപ്പം വിദ്യാഭ്യാസ ഗുണനിലവാരം സർക്കാരിന് നിയന്ത്രിക്കാനും വിധിയിലൂടെ സാധിക്കും.

&&&&&&&&&&&&&&&&&&&

## HEAD LINE – 4

## JITENDRA SINGH CONCLAVE

വരും വർഷങ്ങളിൽ ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ സംഭാവന 2 ശതമാനത്തിൽ നിന്ന് 10 ശതമാനമായി ഉയർത്തുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. നാവിഗേഷൻ, സാറ്റലൈറ്റ് ഇമേജിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ, ബഹിരാകാശ സാങ്കേതികവിദ്യ സ്മാർട്ട് നഗരങ്ങളുടെ സൃഷ്ടിയെ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ

ഇന്ത്യൻ ബഹിരാകാശ കോൺക്ലേവ് 3.0 യെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രീഹരിക്കോട്ടയിൽ നിന്ന് അടുത്ത മാസം യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ-3 ദൗത്യം ഇന്ത്യ വിക്ഷേപിക്കുമെന്ന് ശ്രീ. ജിതേന്ദ്ര സിംഗ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## OM BIRLA- NEW LAWS

സമകാലിക സമൂഹം നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതാണ് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങളെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർല. പാർലമെൻറിൽ വിശദമായ ചർച്ചകൾക്കൊടുവിലാണ് നിയമങ്ങൾ പാസാക്കിയതെന്നും അദ്ദേഹം പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോൺസ്റ്റിറ്റ്യൂഷണൽ ആൻറ് പാർലമെൻററി സ്റ്റഡീസ് 83 രാജ്യങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## PHASE II - BHARAT ATTA AND RICE

രാജ്യത്ത് വിലനിയന്ത്രണത്തിനൊപ്പം കർഷകർക്ക് ശരിയായ വില ലഭ്യമാക്കാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചതായി കേന്ദ്ര ഉപഭോക്തൃകാര്യ- ഭക്ഷ്യ പൊതുവിതരണ മന്ത്രി പ്രൾഹാദ് ജോഷി. ഭാരത് ബ്രാൻഡ് അരിയുടെയും ആട്ടയുടെയും രണ്ടാംഘട്ടം പുറത്തിറക്കുകയായിരുന്നു അദ്ദേഹം. ഭാരത് ബ്രാൻഡ് ആട്ട കിലോയ്ക്ക് 30 രൂപയ്ക്കും ഭാരത് ബ്രാൻഡ് അരി കിലോയ്ക്ക് 34 രൂപയ്ക്കുമാണ് ലഭ്യമാകുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## US PREZ POLLS

യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പ് ആരംഭിച്ചു. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും, മുൻ പ്രസിഡന്റുമായ ഡോണാൾഡ് ട്രംപും ഡെമോക്രാറ്റിക്ക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡന്റുമായ കമല ഹാരിസും തമ്മിലാണ് പോരാട്ടം. വോട്ടെടുപ്പ്

നാളെ രാവിലെയോടെ പൂർത്തിയാവും. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. എക്സിറ്റ് പോൾ ഫലങ്ങൾ നാളെ പുലർച്ചയോടെ പുറത്തുവരും. അടുത്ത വർഷം ജനുവരി 6 നായിരിക്കും ഔദ്യോഗിക ഫലപ്രഖ്യാപനം.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## S JAISHANKAR (INTRO)

കാനഡയിൽ ഹിന്ദു ക്ഷേത്രത്തിന് നേരെ ഉണ്ടായ ആക്രമണം ആശങ്കാജനകമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ്ങിനൊപ്പം നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിലായിരുന്നു ശ്രീ ജയശങ്കറിൻറെ പ്രസ്താവന. കാനഡ തീവ്രവാദ ശക്തികൾക്ക് രാഷ്ട്രീയ ഇടം നൽകിയതായും ശ്രീ ജയശങ്കർ പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

ഓസ്ട്രലിയയിലെ കാൻബറയിൽ ഹിന്ദു ക്ഷേത്രം ആക്രമിക്കപ്പെട്ടത് ഇന്ത്യൻ സമൂഹത്തിനിടയിൽ ആശങ്ക ഉളവാക്കുന്നതായി ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പറഞ്ഞു.15-ാമത് ഇന്ത്യ-ഓസ്ട്രേലിയ വിദേശകാര്യ മന്ത്രിമാരുടെ സംഭാഷണത്തിൽ ശ്രീ ജയശങ്കർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## KERALA ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട് ലോക്സഭ മണ്ഡലത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കഗാന്ധിയുടെ രണ്ടാംഘട്ട പ്രചാരണം ഇന്ന് വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ നടന്നു. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരി നിലമ്പൂർ മണ്ഡലത്തിലും എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസ് ബത്തേരിയിലും പ്രചാരണം നടത്തി.

മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വയനാട് മണ്ഡലത്തിൽ എൽഡിഎഫ് തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. ചേലക്കരയിൽ ചീഫ് ഇലക്ടറൽ ഓഫീസർ പ്രണബ് ജ്യോതിനാഥിന്റെ നേതൃത്വത്തിൽ ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

## DAY JHARKHAND – CAMPAIGNING

ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം തുടരുന്നു. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിങ്ങ് ഇന്ന് റാഞ്ചിയിലും, ലൊഹർദഗയിലും പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ, ഇന്ന് രണ്ടിടങ്ങളിൽ ഐ.എൻ.ഡി.ഐ.എ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## DAY MAHARASHTRA CAMPAIGNING

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ ഇന്ന് സതാരയിൽ റാലികളിൽ പങ്കെടുത്തു. ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫട്നവിസും പ്രചാരണ രംഗത്തുണ്ട്. എൻസിപി (എസ്പി)യുടെ മുതിർന്ന നേതാവ് ശരത് പവാർ ബാരാമതിയിൽ ജനങ്ങളുമായി സംവദിച്ചു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാളെ പ്രചാരണത്തിനായി മുംബൈയിലെത്തും.

&&&&&&&&&&&&&&&&&&

## HEAD LINE – 7

## SCHOOL SPORT MEETS

എറണാകുളത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ 529 ഇനങ്ങളിൽ 259 ഇനങ്ങൾ പൂർത്തിയായപ്പോൾ 653 പോയിന്റുകളോടെ തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. 319

പോയിൻ്റുകളോടെ തൃശ്ശൂർ രണ്ടാം സ്ഥാനത്തും, 316 പോയിൻറുകൾ നേടി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ് ഉള്ളത്.

&&&&&&&&&&&&&&&&&&

## JANMABHUMI

മാധ്യമങ്ങളുടെയും മാധ്യമ പ്രവർത്തകരുടെയും സമഗ്രതയും വിശ്വസനീയതയും കുറഞ്ഞുവരുന്നതായും സോഷ്യൽ മീഡിയയ്ക്ക് കൃത്യമായ ഓഡിറ്റിങ്ങ് നടത്തണമെന്നും മുൻ കേന്ദ്ര മന്ത്രിയും ബിജെപി നേതാവുമായ രാജീവ് ചന്ദ്രശേഖർ. ജന്മഭൂമി ദിനപത്രത്തിന്റെ സുവർണജയന്തി ആഘോഷങ്ങളുടെ ഭാഗായി കോഴിക്കോട് നടന്ന മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മുതിർന്ന മാധ്യമ പ്രവർത്തകൻ എസ് ഗുരുമൂർത്തി, ജന്മഭൂമി മുൻ എഡിറ്റർ കെ.വി. എസ് ഹരിദാസ് തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## KERALA - RAIN

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടി മിന്നലോടു കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട,

കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SHILP SAMAGAM MELA

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങൾ നിർമ്മിച്ച ഉത്പന്നങ്ങൾ ടുലിപ് എന്ന ബ്രാൻഡിൽ പുറത്തിക്കി കേന്ദ്രസർക്കാർ. ഉത്പന്നങ്ങൾ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിൽ വില്പന നടത്തുമെന്ന് കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ശില്പ സമാഗം മേള 2024 ഉത്ഘാടനം ചെയ്യുകൊണ്ട് അറിയിച്ചു.

&&&&&&&&&&&&&&&&&&

## ICG-MEETING

ഇന്ത്യൻ കോസ്റ്റ് ഗാർഡ് സംഘടിപ്പിക്കുന്ന എണ്ണ ചോർച്ച ദുരന്തം തടയുന്നതിനുള്ള 26-ാമത് ദേശീയ പദ്ധതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ പരമേശ് ശിവമണി അധ്യക്ഷത വഹിച്ചു. എണ്ണ ചോർച്ച തടയുന്നതുമായി ബന്ധപ്പെട്ടുള്ള രാജ്യത്തിൻറെ തയ്യാറെടുപ്പുകൾ യോഗം വിലയിരുത്തി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&